പത്രക്കുറിപ്പ്
തിരുവനന്തപുരം,
17.04.2013

# സംസ്ഥാന മാധ്യമ അവാർഡുകൾ

സംസ്ഥാന മാധ്യമ അവാർഡുകൾ (2012) പ്രഖ്യാപിച്ചു. ജനറൽ റിപ്പോർട്ടിങ്ങിന് മാതൃഭൂമി ന്യൂസ് എഡിറ്റർ ടി.സോമൻ അർഹനായി. മാതൃഭൂമി ദിനപത്രത്തിൽ 2012 ഏപ്രിൽ ഒൻപത് മുതൽ 14 വരെ പ്രസിദ്ധീകരിച്ച 'പ്രവാസികളുടെ നാട്ടിൽ ഇവർക്ക് നരകജീവിതം' എന്ന ലേഖനപരമ്പരയ്ക്കാണ് അവാർഡ്. കേരളത്തിൽ തൊഴിൽ തേടിയെത്തുന്ന അന്യ സംസ്ഥാനക്കാരുടെ ദുരന്തജീവിതമാണ് പരമ്പര തുറന്നുകാട്ടുന്നത്. തൊഴിൽ വൈദഗ്ദ്ധ്യം ഒട്ടുമില്ലാതെ വന്ന് അപകടങ്ങളിലും മറ്റും മരിക്കുന്ന അനേകം ആളുകളുടെ കണക്കുപോലും ഇല്ലാത്ത അവസ്ഥയാണുള്ളതെന്ന് റിപ്പോർട്ടിൽ പറയുന്നു. സംസ്ഥാനത്തെ മൂന്ന് സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ കഴിയുന്ന അന്തേവാസികളിൽ അഞ്ചിലൊന്ന് അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്ന വസ്തുതയും ഈ പരമ്പരയിലൂടെ പുറത്തുകൊണ്ടുവന്നിട്ടുണ്ട്.

വികസനോന്മുഖ റിപ്പോർട്ടിങ്ങിന് കേരളകൗമുദി രാഷ്ട്രീയ ലേഖകൻ ബി.വി.പവനൻ തയ്യാറാക്കി കേരളകൗമുദിയിൽ 2012 ജനുവരി ഒൻപത് മുതൽ 12 വരെയും 2012 ഫെബ്രുവരി 23, 2012 ഏപ്രിൽ 27 തീയതികളിലെ തുടർ റിപ്പോർട്ടുകളിലൂടെയും പ്രസിദ്ധീകരിച്ച 'കാടിന്റെ കെണിയിലെ കണ്ണീർപൊട്ടുകൾ' എന്ന ലേഖന പരമ്പരയ്ക്കാണ് അവാർഡ്. വയനാട്ടിലെ കൊടും കാടുകൾക്കുള്ളിൽ ബാഹ്യലോകവുമായി ബന്ധമില്ലാത്ത ഗ്രാമങ്ങൾ സന്ദർശിച്ച് തയ്യാറാക്കിയ ഈ പരമ്പര തലമുറകളായി കാട്ടുഗ്രാമങ്ങളിൽ കഴിയുന്ന, അടിസ്ഥാന ആവശ്യങ്ങൾപോലും നിഷേധിക്കപ്പെട്ട ഹതഭാഗ്യരായ ഒരു ജനതയുടെ നെടുവീർപ്പുകളും തേങ്ങലുകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ന്യൂസ് ഫോട്ടോഗ്രഫി വിഭാഗത്തിൽ മലയാളമനോരമയിൽ 2012 മാർച്ച് ഒന്നിന് പ്രസിദ്ധീകരിച്ച സമീർ എ ഹമീദിന്റെ 'ഇരിക്കുന്ന കൊമ്പും'? എന്ന അടിക്കുറിപ്പോടെ വന്ന ഫോട്ടോ അവാർഡിന് അർഹമായി. വികസനത്തിന്റെ നിർമ്മിതികൾക്കായി ഓരോ തണലും വെട്ടിമാറ്റുമ്പോൾ പകരം ഒരു തൈ എങ്കിലും നട്ടുകൊണ്ട് വികസനം സാധ്യമാക്കണമെന്ന ആശയം പ്രതിഫലിപ്പിക്കുന്നതാണ് ഈചിത്രം

കാർട്ടൂൺ വിഭാഗത്തിൽ 2012 സെപ്തംബർ 27-ന് കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ച ടി.കെ.സുജിത്തിന്റെ 'സംസ്ഥാനത്ത് ലോഡ്ഷെഡിംഗ് ഏർപ്പെടുത്തും' എന്ന കാർട്ടൂൺ അവാർഡിന് അർഹമായി.

ടി.വി. വാര്‍ത്താ വിഭാഗത്തില്‍ 'വിഴിഞ്ഞം തുറമുഖപദ്ധതി' എന്ന ശ്യാംലാലിന്റെ റിപ്പോര്‍ട്ടിനാണ് അവാര്‍ഡ്. ഇന്ത്യാവിഷന്‍ 2012 നവംബര്‍ രണ്ടിനാണ് വാര്‍ത്ത സംപ്രേഷണം ചെയ്തത്. വിഴിഞ്ഞം തുറമുഖം ഇപ്പോഴും യാഥാര്‍ത്ഥ്യമാകാത്തതിന് പിന്നിലുള്ള അന്താരാഷ്ട്ര ഗൂഢാലോചന പുറത്തുകൊണ്ടുവരാനുള്ള ശ്രമമാണ് റിപ്പോര്‍ട്ട്.

ടി.വി. വാര്‍ത്താ വിഭാഗത്തില്‍ ഇന്ത്യാവിഷന്‍ 2012 ജൂണ്‍ ഏഴിന് സംപ്രേഷണം ചെയ്ത രാഗേഷ് എം.എം.ന്റെ 'തളര്‍ന്ന ശരീരം തളരാത്ത മനസ്സ്' എന്ന റിപ്പോര്‍ട്ട് ജൂറിയുടെ പ്രത്യേക പരാമര്‍ശത്തിന് അര്‍ഹമായി. ശരീരം തളര്‍ന്നെങ്കിലും തളരാത്ത മനസ്സുമായി ജോണ്‍സനെന്ന യുവാവ് വീല്‍ചെയറില്‍ ഇരുന്ന് കമ്പ്യൂട്ടറും മൊബൈല്‍ ഫോണും ഉപയോഗിച്ച് വിധിയോട് പൊരുതി നേടിക്കൊണ്ടിരിക്കുന്ന വിജയമാണ് റിപ്പോര്‍ട്ട് ചെയ്തിട്ടുള്ളത്.

ടിവി ക്യാമറ വിഭാഗത്തില്‍ ഡല്‍ഹിയിലെ ഒരു ചേരിയിലുണ്ടായ വന്‍ അഗ്നിബാധ അതിന്റെ എല്ലാ തീവ്രതയോടും ഭയാനകതയോടും കൂടി ക്യാമറയില്‍ പകര്‍ത്തിയ ബിനു ബേസില്‍ അവാര്‍ഡിന് അര്‍ഹനായി. മനോരമ ന്യൂസ് 2012 ജൂണ്‍ 21നാണ് ഇത് സംപ്രേഷണം ചെയ്തത്.

ടി.വി.ക്യാമറ വിഭാഗത്തില്‍ 'ശ്രീകൃഷ്ണപ്പരുന്ത്' എന്ന തലക്കെട്ടോടെ തികഞ്ഞ ക്ഷമയോടെ രണ്ടുമാസം കാത്തിരുന്ന് കൃഷ്ണപ്പരുന്തിന്റെ ജീവിതചക്രം ചിത്രീകരിച്ച സോളമന്‍ റാഫേല്‍ ജൂറിയുടെ പ്രത്യേക പരാമര്‍ശത്തിന് അര്‍ഹനായി.

വീഡിയോ എഡിറ്റിങ്ങ് വിഭാഗത്തില്‍ മനോരമന്യൂസ് 2012 ആഗസ്റ്റ് 26-ന് സംപ്രേഷണം ചെയ്ത 'ഗൃഹാതുരസ്മരണകള്‍' എന്ന ന്യൂസ് സ്റ്റോറിയുടെ എഡിറ്റിങ്ങ് നിര്‍വഹിച്ച അനൂപ് ആന്റണിക്കാണ് അവാര്‍ഡ്. ഗൃഹാതുരത്വം എന്ന സ്റ്റോറിയുടെ പ്രമേയം അനായാസേന പ്രേക്ഷകരിലെത്തിക്കുന്നതില്‍ അനൂപ് വിജയിച്ചിട്ടുണ്ട്.

25000രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങിയതാണ് അവാര്‍ഡുകള്‍.

പ്രത്യേക പരാമര്‍ശത്തിന് സര്‍ട്ടിഫിക്കറ്റാണ് നല്‍കുക.

ഡോ.വി.മുഹമ്മദലി, ഡോ.എം.എസ്.ഹരികുമാര്‍, ജേക്കബ് ജോര്‍ജ് (ജനറല്‍ റിപ്പോര്‍ട്ടിങ്ങ്) യു.കെ.കുമാരന്‍, ആബെ ജേക്കബ്, വി.അശോകന്‍ (ഡെവലപ്മെന്റ് റിപ്പോര്‍ട്ടിങ്ങ്), മഹേഷ് മംഗലത്ത്, ജമാല്‍ കൊച്ചങ്ങാടി, കെ.എം.നരേന്ദ്രന്‍ (ന്യൂസ് ഫോട്ടോഗ്രഫി), ആര്‍.പാര്‍വതി, കെ.എ.ബീന, രവിമേനോന്‍ (കാര്‍ട്ടൂണ്‍), കെ.രാജഗോപാല്‍, ബാബു ജോസഫ്, ഫാ.ഫ്രാന്‍സിസ് കാരക്കാട് (ടി.വി.വാര്‍ത്ത, ക്യാമറ, എഡിറ്റിങ്ങ്) എന്നിവരായിരുന്നു അവാര്‍ഡ് വിധിനിര്‍ണ്ണയ സമിതി അംഗങ്ങള്‍.

---------------------------------------------------------------------------